"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. നാരായണപിള്ള പി.യ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.801/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/04/2019

---

പരാമർശം:- 1 സ.ഉ.(സാധാ) നം.44/2015/തസ്വഭവ തീയതി 07.01.2015

2 സ.ഉ.(സാധാ) നം.952/2015/തസ്വഭവ തീയതി 27.03.2015

3 സർക്കാരിന്റെ 16.11.2017-ലെ 173/ഇപിബി3/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. നാരായണപിള്ള പി. സമർപ്പിച്ച 18.01.2018-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 23.06.2018-ലെ ഡി4-10981/2015 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31.07.2010-ലെ 17-ാം നമ്പർ തീരുമാന പ്രകാരം മേപ്പാടം എന്ന സ്ഥലം ആസ്ഥാനമാക്കി ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും സർക്കാർ ആയത് അനുവദിക്കുകയും ചെയ്തു. എന്നാൽ മേപ്പാടത്ത് ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് പകരം മമ്പാട് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ കാട്ടുമുണ്ട എന്ന സ്ഥലത്ത് പ്രസ്തുത ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.03.2011-ന് 4-ാം നമ്പരായി ഏഴ് മെമ്പർമാരുടെ വിയോജനക്കുറിപ്പോടെ തീരുമാനമെടുക്കുകയും സ്ഥാപിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ WP(C)123/13 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറി മേപ്പാടത്തുനിന്നും കാട്ടുമുണ്ടായിലേയ്ക്ക് മാറ്റാനുള്ള ഗ്രാമപഞ്ചായത്ത് യോഗതീരുമാനം റദ്ദ് ചെയ്യും മേപ്പാടം ആസ്ഥാനമാക്കി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നല്കിയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പരാമർ ശം( 1 )പ്രകാരം നടപ്പാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് പകരം മമ്പാട് ഗ്രാമപഞ്ചായത്ത് 07.02.2015-ന് 10(13) നമ്പരായി ഭരണസമിതി പ്രസ്തുത സർക്കാർ ഉത്തരവ് ചർച്ച ചെയ്യുകയും നിലവിൽ കാട്ടുമുണ്ടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറി മേപ്പാടത്തേയ്ക്ക് മാറ്റണമെന്ന് പ്രത്യേകം സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടില്ലെന്നും ആയതിനാൽ നിലവിൽ കാട്ടുമുണ്ടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറി കാട്ടുമുണ്ടയിൽ തന്നെ നിലനിർത്തുന്നതിനും മേപ്പാടം ആസ്ഥാനമായി പുതിയ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ സർക്കാരിനോട് അപേക്ഷിക്കുവാൻ എട്ട്

പഞ്ചായത്ത് അംഗങ്ങളുടെ വിയോജനക്കുറിപ്പോടെ തീരുമാനം കൈക്കൊള്ളുകയുമാണ് ഉണ്ടായത്. നിയമാനുസൃതമല്ലാത്ത ടി തീരുമാനം വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ ടി തീരുമാനത്തെ അനുകൂലിക്കുകയും സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണസമിതിയെ അറിയിക്കുകയും ചെയ്തത് സെക്രട്ടറിയായിരുന്ന ശ്രീ. നാരായണപിള്ളയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണെന്നും സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടെന്നിരിക്കെ ആയത് നടപ്പിലാക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ശ്രീ. നാരായണപിള്ളയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും എന്നാൽ പ്രസ്തുത ഉത്തരവ് രജിസ്റ്റേർഡായി അയച്ചു നല്കിയത് ശ്രീ. നാരായണപിള്ള കൈപ്പറ്റാത്തതിനാൽ തിരികെ മടങ്ങി വരികയും ചെയ്തു. തുടർന്ന് ടിയാൻ ബഹു. അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.605/2015-ന്മേൽ ബഹു. ട്രിബ്യൂണൽ 07.04.2015-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീ. നാരായണപിള്ളയെ സസ്പെൻഡ് ചെയ്ത നടപടി സ്റ്റേ ചെയ്യുകയും എന്നാൽ സർക്കാരിന്റെ സസ്പെൻഷൻ ഉത്തരവ് നിലനില്ക്കെ ബഹു. കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതെ ശ്രീ. നാരായണപിള്ള ചട്ടവിരുദ്ധമായി 20.04.2015-ന് സ്വയം മമ്പാട് ഗ്രാമപഞ്ചായത്ത് തസ്തികയിൽ പുനഃപ്രവേശിക്കുകയാണ് ഉണ്ടായത്. മേൽ സാഹചര്യത്തിൽ ശ്രീ. നാരായണപിള്ള സർവ്വീസിൽ പുനഃപ്രവേശിച്ചു എന്ന് കരുതാനാകില്ല. തുടർന്ന് ശ്രീ. നാരായണപിള്ള 30.04.2015-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. നാരായണപിള്ളയ്ക്കെതിരെ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ മുൻനിർത്തി ടിയാനെതിരായ അച്ചടക്ക നടപടി കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം തുടരുന്നതിന്റെ ഭാഗമായി ശ്രീ. നാരായണപിള്ളയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്തു പരാമർശം ( 3 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

1. നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ തീരുമാനത്തെ അനുകൂലിക്കുകയും സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണ സമിതിയെ അറിയിക്കുകയും ചെയ്തത് ശ്രീ. നാരായണപിള്ളയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്.

2. സർക്കാരിൽ നിന്നുള്ള സസ്പെൻഷൻ ഉത്തരവ് കൈപ്പറ്റാതെ തിരിച്ചയച്ചു.

3. സർക്കാരിന്റെ സസ്പെന്റ്ഷൻ ഉത്തരവ് നിലനില്ക്കെ കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതെ ചട്ടവിരുദ്ധമായി 20.04.2015-ന് സ്വയം മമ്പാട് ഗ്രാമപഞ്ചായത്ത് തസ്തികയിൽ പുനഃപ്രവേശിച്ചു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. നാരായണപിള്ള പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രകയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. നാരായണപിള്ളയുടെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. നാരായണപിള്ളയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. നാരായണപിള്ള പി.യ്ക്കെതിരെ

ച്ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി കെ വി മാലതി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണ വിധേയനായ ഉദ്യോഗസ്ഥന് നൽകി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം (1) മുതൽ (4) വരെയുള്ള പകർപ്പുകൾ സഹിതം)

2. ശ്രീ. നാരായണപിള്ള പി, മുൻ സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/173/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ